**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2295** **14-10-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം ഗവ.ഐ.ടി.ഐ - സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം ഗവ. ഐ.ടി.ഐ.യ്ക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിനായി കായംകുളം നഗരസഭ എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | 75 ലക്ഷം രൂപ |
| (ബി) | ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ? | (ബി) | കായംകുളം നഗരസഭയിൽ ഐ.റ്റി.ഐ. നിർമ്മാണത്തിനായി കായംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 113-ൽ 26, 26-2, 139-ൽ 48, 49 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 46.36 ആർ സ്ഥലം അർജൻസി ക്ലോസ്സിൽ ഉൾപ്പെടുത്തി ഉഭയകക്ഷി സമ്മത പ്രകാരം അക്വയർ ചെയ്യുന്നതിന് 01-02-2014 തീയതിയിലെ 5(2) നമ്പർ അജണ്ട പ്രകാരം തീരുമാനിച്ചിരുന്നു.<br><br>2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയും 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും ചേർത്ത് ആകെ 75 ലക്ഷം രൂപ കൗൺസിലിന്റെ 16-03-2015 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം ജില്ലാ കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതാണ്.<br><br>ഉഭയകക്ഷി സമ്മതപ്രകാരമാണ് സ്ഥലം വാങ്ങേണ്ടത്. എന്നാൽ വസ്തു ഉടമകളിൽ ചിലർ ഇതിന് എതിർപ്പ് പ്രകടിപ്പിച്ചതിനാൽ വാങ്ങൽ നടപടിക്ക് കാലതാമസം നേരിട്ടു.<br><br>ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സോയിൽ ടെസ്റ്റ് നടത്തുന്നതിനുള്ള 1,67,000/- രൂപ (ഒരു ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം) അടവാക്കണമെന്നും, കുറച്ച് സ്ഥലം നിലമായതിനാൽ നിലത്തിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള അനുമതി റവന്യൂ അധികാരികളിൽ നിന്നും വാങ്ങണമെന്നും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും അറിയിപ്പ് ലഭിച്ചിരുന്നു. |

| | | | | |
|---|---|---|---|---|
| | | | | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സോയിൽ ടെസ്റ്റ് നടത്തുന്നതിനുള്ള 1,67,000/- രൂപ തനത് ഫണ്ടിൽ നിന്നും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലേക്ക് അടവാക്കുകയും പൊതുമരാമത്ത് കെട്ടിട വിഭാഗം ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഭൂമിയുടെ വാല്യുവേഷൻ എടുക്കുന്നതിനായി തഹസീൽദാർക്ക് അപേക്ഷ നൽകുകയും 1,17,63,001/- രൂപ (ഒരു കോടി പതിനേഴ് ലക്ഷത്തി അറുപത്തിമൂവായിരത്തിയൊന്ന് രൂപ മാത്രം) യുടെ വാല്യുവേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നാല് സ്ഥല ഉടമകൾ ഐ.റ്റി.ഐ. നിർമ്മാണത്തിനായി സ്ഥലം വിട്ട് നൽകുന്നതിന് സമ്മതമാണെന്ന് മുദ്രപത്രത്തിൽ സെക്രട്ടറിക്ക് എഴുതി നൽകിയിട്ടുണ്ട്.<br><br>സ്ഥലം ഉടമകൾ ടി സ്ഥലം വിലയ്ക്ക് നൽകാമെന്ന് രേഖാമൂലം സമ്മതം അറിയിച്ചിട്ടുള്ളതിനാൽ, ടി സ്ഥലം വിലയ്ക്ക് വാങ്ങുന്നതിനായി ജില്ലാ കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിൽ നിക്ഷേപിച്ച 75 ലക്ഷം രൂപ, നഗരസഭ സെക്രട്ടറിയുടെ പേരിൽ ടി ആവശ്യത്തിലേക്കായി പുതുതായി കാനറാ ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങി ആയതിലേക്ക് തിരികെ നൽകുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ച് 25-07-2024 ൽ കൂടിയ കൗൺസിലിൻറെ 1-ാം നമ്പർ അജണ്ട പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതു പ്രകാരം അക്കൗണ്ട് അരംഭിക്കുകയും, ടി വിവരം ജില്ലാ കളക്ടറെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ